**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **12-12-2022 - ൽ മറുപടിയ്ക്ക്**

**അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിനിന്റെ ഭാഗമായി വീടുകളിലെത്തി രോഗ സാധ്യതാ നിർണ്ണയം നടത്തിയിരുന്നോ; സർവേയിൽ കണ്ടെത്തിയ പ്രധാന കാര്യങ്ങൾ അറിയിക്കാമോ; | (എ) | **സംസ്ഥാന സർക്കാർ നവകേരളകർമ്മ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് പോപ്പുലേഷൻ ബേസ്ഡ് സ്ക്രീനിംഗ് അഥവാ വാർഷിക ആരോഗ്യ പരിശോധന. 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ' എന്ന ഈ ക്യാമ്പയിനിലൂടെ മുപ്പത് വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളുടെയും ജീവിതശൈലീ രോഗങ്ങളെ സംബന്ധിച്ചും അതിലേക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചുമുള്ള (Risk Factor) വിവരശേഖരണം നടത്തുന്നതിന് ആശ പ്രവർത്തകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിവരങ്ങൾ ഈ-ഹെൽത്ത് തയ്യാറാക്കിയ ഒരു മൊബൈൽ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ആയ ശൈലി (SHAILI State Health Application for Intensified Life Style Intervention) മുഖേനയാണ് ശേഖരിക്കപ്പെടുന്നത്. പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗങ്ങൾ ശ്വാസകോശരോഗങ്ങൾ, മറ്റ് ജീവിതശൈലീരോഗങ്ങൾ, ക്യാൻസറുകൾ എന്നിവയെക്കുറിച്ചുള്ള വിവിര ശേഖരണമാണ് പ്രാഥമികമായി നടത്തിവരുന്നത്. ഈ രോഗങ്ങളോടൊപ്പം ഈ രോഗങ്ങളിലേക്ക് നയിക്കുന്ന ജീവിതചര്യകളെകുറിച്ചുള്ള വിവരങ്ങളും ശേഖരിക്കപ്പെടുന്നു. രേഖപ്പെടുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തികളുടെ ആരോഗ്യ നിലവാരത്തെ കുറിച്ചുള്ള ഒരു സ്കോറിംഗ് നടത്തുകയും, സ്കോർ നാലിന് മുകളിലുള്ള വ്യക്തികളെ ജീവിതശൈലീ രോഗപരിശോധനക്ക് അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് പോകുവാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇതിലുപരി റിസ്ക് ഫാക്ടർ (രോഗഹേതുക്കൾ) കൂടിയ ആൾക്കാരെ ആരോഗ്യകേന്ദ്രങ്ങളിൽ വച്ച് രോഗ സ്ഥിരീകരണം** |

| | | | |
|---|---|---|---|
| | | | **നടത്തുതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഓരോ ആശപ്രവർത്തകയും അവരുടെ നിയന്ത്രണത്തിലുള്ള എല്ലാ വീടുകളും സന്ദർശിച്ച് വിവരശേഖരണം ശൈലി ആപ്പ് വഴി നടത്തി കഴിയുമ്പോൾ തന്നെ ആ പ്രദേശത്തെ ആരോഗ്യ വിവരങ്ങൾ ആരോഗ്യ പ്രവർത്തകർക്ക് ലഭ്യമാകുന്നതാണ്. ഓരോ പഞ്ചായത്തിലെയും ആരോഗ്യ വിവരങ്ങൾ അവിടുത്തെ മെഡിക്കൽ ആഫീസർക്ക് ലഭിക്കുന്നതോടൊപ്പം ജില്ലാതല വിവരങ്ങൾ ജില്ലാ നോഡൽ ആഫീസർക്കും സംസ്ഥാനതല വിവരങ്ങൾ സംസ്ഥാന നോഡൽ ആഫീസർക്കും അവരുടെ ഡാഷ് ബോർഡിൽ കാണാൻ സാധിക്കുന്നതാണ്. ഇതിലൂടെ പ്രാദേശികമായിട്ടും സംസ്ഥാനതലത്തിലുമുള്ള ജിവിതശൈലീ രോഗങ്ങളുടെ യഥാർത്ഥകണക്ക് ലഭിക്കുന്നതും, ആയത് ഫണ്ട് വിനിമയത്തിനും ആരോഗ്യപദ്ധതികളുടെ ആസൂത്രണത്തിനും ഏറെ സഹായകരമാകുന്നതുമാണ്.**<br><br>**2022 ഡിസംബർ അഞ്ചാം തീയതി ലഭ്യമായ റിപ്പോർട്ട് പ്രകാരം**<br><br>**1) സർവ്വേക്ക് വിധേയരായ ആളുകളുടെ എണ്ണം - 4923585**<br><br>**2) റിസ്ക് ഫാക്ടറുകൾ കൂടുതൽ ഉള്ളവർ - 928278**<br><br>**3) ക്യാൻസർ സ്ക്രീനിംഗിന് റഫർ ചെയ്തവർ - 317166**<br><br>**4) രക്താദിമർദ്ദം സ്ഥിരീകരിക്ക പ്പെട്ടവർ - 529664**<br><br>**5) പ്രമേഹം സ്ഥിരീകരിക്കപ്പെട്ടവർ - 428290** |
| (ബി) | ജീവിതശൈലീ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പ്രമേഹത്തിന്റെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് എല്ലാ ജില്ലകളിലും 360 ഡിഗ്രി മെറ്റബോളിക് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; | (ബി) | ജീവിതശൈലിരോഗങ്ങളുള്ള ഒരു രോഗിക്ക് ആ രോഗവും അതിനെതുടർന്നുണ്ടാകുന്ന സങ്കീർണ്ണതകളും ഒരേ കുടക്കീഴിൽ പരിശോധിക്കാൻ കഴിയുന്ന ഒരു നൂതന സംവിധാനമാണ് '360 ഡിഗ്രി മെറ്റബോളിക് സെന്റർ'. എറണാകുളം ജനറൽ ആശുപത്രിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച 360 ഡിഗ്രി മെറ്റബോളിക് സെന്ററിലൂടെ ഏറെ പ്രത്യാശ നൽകുന്ന നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചത്. ഈ ചികിത്സാകേന്ദ്രത്തിൽ പ്രവേശിക്കുന്ന ഒരു രോഗി രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും പരിശോധിച്ചശേഷം തൊട്ടടുത്ത ക്യാബിനുകളിൽ സജ്ജീകരിച്ചിരിക്കുന്ന നേത്രാന്തരപടലാന്ധത പരിശോധന, വൃക്ക പരിശോധന, ഡയബറ്റിക് ഫുട്ട് പരിശോധന, |

| | | | |
|---|---|---|---|
| | | | ശ്വാസകോശക്ഷമത പരിശോധന എന്നിവ കൂടി നടത്തിയ ശേഷം ഡയറ്റീഷ്യന്റെ കൗൺസലിങ്ങ് കൂടി കഴിഞ്ഞിട്ടാണ് ഡോക്ടറെ സന്ദർശിക്കുന്നത്. ഡോക്ടറുടെ പരിശോധനയ്ക്ക് മുമ്പായി തന്നെ പ്രമേഹവും അതിനെ തുടർന്നുണ്ടാകുന്ന സങ്കീർണ്ണതകളും കൂടി പരിശോധിക്കുന്നതിലൂടെ രോഗനിയന്ത്രണത്തോടൊപ്പം തന്നെ ഇതിന്റെ മൂർദ്ധന്യ രോഗങ്ങളുടെ നിയന്ത്രണം കൂടെ സാധ്യമാകുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഫണ്ടുകൾ പ്രയോജനപ്പെടുത്തികൊണ്ട് ഈ മാതൃക സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിലേക്കുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരികയാണ്. |
| (സി) | ഏറെ വ്യാപകമായിട്ടുള്ള രക്താതിമർദം മറ്റ് രോഗാവസ്ഥകളിലേക്ക് കടക്കാതെ നിയന്ത്രിക്കുന്നതിന് സൗജന്യമായി മരുന്ന് നൽകുന്നുണ്ടോ; | (സി) | ഉണ്ട്.<br><br>ഈ രോഗം നേരത്തെ കണ്ടെത്തുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും സൗജന്യമായി മരുന്നുകൾ നൽകുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ ജീവിതശൈലി രോഗ നിർണ്ണയ പദ്ധതി നടപ്പിലാക്കി വരുന്നു. രോഗ സ്ഥിതീകരണം നടത്തുന്ന എല്ലാ രോഗികൾക്കും സൗജന്യമായിട്ടാണ് ഇതിനായുള്ള മരുന്നുകൾ പ്രാഥമികാരോഗ്യതലം വരെ നൽകി വരുന്നു. |
| (ഡി) | ജീവിത ശൈലിയിൽ വരുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് വ്യാപകമായ പ്രചാരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | മെഡിക്കൽ കോളേജ്, ഹെൽത്ത് സെന്ററുകൾ എന്നിവ വഴി ജീവിത ശൈലി രോഗങ്ങളിൽ പ്രാവർത്തികമാക്കേണ്ട മാറ്റങ്ങളെക്കുറിച്ച് ബോർഡുകൾ, നോട്ടീസ്, ഹ്രസ്വ വീഡിയോകൾ മുഖേന പ്രചാരണം നടത്തി വരുന്നു. ഇതുകൂടാതെ, ജീവിതശൈലിയിൽ വരുത്തേണ്ട ക്രമീകരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജനങ്ങളിൽ ജീവിതശൈലി രോഗങ്ങളെകുറിച്ചും അവയുടെ നിയന്ത്രണ മാർഗങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ഒരു സമഗ്ര ക്യാമ്പയിൻ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചുവരുന്നു. ചിട്ടയായ വ്യായാമം, ആരോഗ്യകരമായ ഭക്ഷണരീതി, ലഹരിയിൽ നിന്നുള്ള മുക്തി എന്നീ വിഷയങ്ങളിൽ ഊന്നിയാണ് ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന ഈ സമഗ്ര ആരോഗ്യ ബോധവൽക്കരണ പരിപാടി നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ